# വിത്തും കൈക്കോട്ടും

## നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം

വാല്യം 1, മെയ് 2016

**വി**കസ്വരരാജ്യങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ധാന്യങ്ങളിലൊന്നാണ് നെല്ല്. കുറഞ്ഞത് 114 രാജ്യങ്ങളിലെങ്കിലും നെല്ല് കൃഷി ചെയ്തുവരുന്നു. ആകെ നെൽവയലുകളുടെ വിസ്തൃതിയാകട്ടെ 156 മില്ല്യൺ ഹെക്ടറും. ഭൂമിയിലെ ജനങ്ങളുടെ പകുതിയോളവും ഭക്ഷണത്തിനായി നെല്ലിനെ ആശ്രയിക്കുന്നു. അതുകൊണ്ടു തന്നെ നെല്ലിൽ അധിഷ്ഠിതമായ ഒരു സാമ്പത്തിക വ്യവസ്ഥയും നെല്ലിൽ അധിഷ്ഠിതമായ കലകളും സംസ്ക്കാരങ്ങളും രൂപപ്പെട്ടുവന്നു. നെല്ല് നമ്മുടെ ജീവിതങ്ങളുമായി ആഴത്തിൽ ഇഴുകിചേർന്ന് കിടക്കുന്നു.

നെല്ല് ഏഷ്യയുടെ ജീവനും അനേക കോടി ജനങ്ങളുടെ ജീവന് ആധാരവുമാണ്. ഏഷ്യയിലെ 200 കോടി ജനങ്ങൾ അവരുടെ 60%ത്തിലധികം ഊർജ്ജാവശ്യങ്ങൾക്ക് നെല്ലിനെ ആശ്രയിക്കുന്നു. 100 കോടി ജനങ്ങൾക്ക് ജോലി നൽകുന്നു. അപ്രകാരം ലോകത്തെ നിലനിർത്തുന്ന നെല്ലിന്റെ 80%ത്തിലധികം ഉത്പാദിപ്പിക്കുന്നത് ചെറുകിട കർഷകരാണ്. ഏഷ്യയിലെങ്ങും ചിതറിക്കിടക്കുന്ന ഈ ചെറുകിട കർഷകരെ, ഹരിതവിപ്ലവവും വൻകിട പദ്ധതികളും ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവത്ക്കരണ സ്വകാര്യവത്ക്കരണ നയങ്ങളും ജനിതക സാങ്കേതിക വിദ്യയുമെല്ലാം ആഴത്തിൽ ബാധിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളായി, പരമ്പരകളായി തുടർന്നുപോകുന്ന നെൽകൃഷിയും സംസ്ക്കാരവും കലകളും ഗ്രാമീണജീവിതത്തോടൊപ്പം നാമവശേഷമായിക്കൊണ്ടിരിക്കുന്നു.

സുഗന്ധനെല്ലിനങ്ങൾപോലും (ജാസ്മിൻ റൈസ്, ബസ്മതി) ലോകവ്യാപാരക്കരാറിന്റെയും ബൗദ്ധികസ്വത്തവകാശനിയമങ്ങളുടെയും പേറ്റന്റ് നിയമങ്ങളുടെയും നിഴലിലാണ്. സുഗന്ധമില്ലാത്ത മറുനാടൻ നെൽവിത്തിനങ്ങളാകട്ടെ അത്യുൽപാദന സങ്കര ഇനങ്ങളുടെ കുത്തൊഴുക്കിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ മാത്രം 2 ലക്ഷത്തിലധികം പരമ്പരാഗത നെൽവിത്തിനങ്ങൾ ഉണ്ടായിരുന്നുവത്രെ!

2004 ഡിസംബർ 22, 23, 24 തിയ്യതികളിലാണ് കേരളത്തിലെ കൊച്ചിക്കടുത്തുള്ള കുമ്പളങ്ങി ഗ്രാമത്തിൽവച്ച് നെല്ലുമായി ബന്ധപ്പെട്ട ഒരു ദേശീയശില്പശാല നടത്തുന്നത്. ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിൽ നിന്നും, 50 വ്യത്യസ്ത സംഘടനകളിൽ നിന്നും നൂറിലധികം ആളുകളാണ് ശില്പശാലയിൽ പങ്കെടുത്തത്. നെല്ലുമായി ബന്ധപ്പെട്ട ആശങ്കകൾ പങ്കുവക്കുന്നതിനും, ഏഷ്യയിലെ നെൽകർഷകരുടെ അസ്വസ്ഥതകൾ വെളിച്ചത്തുകൊണ്ടുവരുന്നതിനും വേണ്ടി സംഘടിപ്പിക്കപ്പെട്ട ഈ ശില്പശാല അന്താരാഷ്ട്രതലത്തിൽത്തന്നെ ശ്രദ്ധ പിടിച്ചുപറ്റി.

നെല്ലിന്റെ മേലുള്ള സാമ്പത്തിക രാഷ്ട്രീയ താൽപര്യങ്ങൾ ബോധ്യപ്പെടേണ്ടതുണ്ട്. ഇന്ത്യ മാറി മാറി ഭരിച്ച സർക്കാറുകൾ കൊണ്ടുവന്ന കർഷക വിരുദ്ധവും കൃഷിയെ ബാധിക്കുന്നതുമായ പുത്തൻനയങ്ങൾ ആണ് കൃഷിയുടെ നിലനിൽപിനെത്തന്നെ ബാധിച്ചതെന്ന് ശില്പശാല വിലയിരുത്തി. കർഷകനെ സംരക്ഷിക്കുകയും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുകയും വിത്തിന്റെ പരമാധികാരം കർഷകർക്കു തന്നെ നൽകുകയും ചെയ്താൽ മാത്രമേ സ്ഥായിയായ ഭക്ഷ്യസുരക്ഷ ഉണ്ടാവുകയുള്ളൂ എന്നും ശില്പശാലയിൽ പങ്കെടുത്ത എല്ലാവരും ശക്തമായി അഭിപ്രായപ്പെട്ടു. ശില്പശാല ശക്തമായ ഒരു പ്രഖ്യാപനം ഉയർത്തിക്കൊണ്ടാണ് (കുമ്പളങ്ങി പ്രഖ്യാപനം) പിരിഞ്ഞത്.



PANAP (Pesticide Action Netwrok Asia Pacific), നെൽകൃഷിസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നൂറുകണക്കിന് സംഘടനകളുടെ ഒരു കൂട്ടായ്മയാണ്. ഈ ഏഷ്യാമേഖലാ കൂട്ടായ്മയിൽ തണൽ ഒരു ഭാഗമാണ്. ഏഷ്യയുടെ ഏറ്റവും പ്രധാനപ്പെട്ട കൃഷി എന്നതിനുമപ്പുറം, അത് ഒരു ജീവിത രീതി തന്നെയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് നെല്ലിനെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തികൊണ്ടിരിക്കുന്നു ഈ കൂട്ടായ്മ. ഈ വലിയ കൂട്ടായ്മയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് ഞങ്ങൾ ഇന്ത്യയിലെ ഈ പ്രചാരണ പരിപാടി ആരംഭിച്ചത്.

ഏഷ്യയിലെങ്ങും, എങ്ങിനെയും നെല്ല് സംരക്ഷിക്കേണ്ടത് ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ കർഷക സമൂഹങ്ങൾ തങ്ങളെ ബാധിക്കുന്ന പ്രതിസന്ധികളോട് പോരാടുകയാണ്. ഏഷ്യയെ ഒന്നിച്ചു നിർത്തുന്ന നെൽകൃഷിയും സംസ്ക്കാരവും ഈ വിശാല ഭൂഖണ്ഡത്തിലെങ്ങും തകർച്ചയെ നേരിടുമ്പോൾ അതിന്റെ മൂലകാരണങ്ങളിലേയ്ക്ക് പോകാനും നെല്ലിനെ നിലനിർത്താനുള്ള ഒരു പ്രസ്ഥാനം ഉടലെടുത്തിരിക്കുകയാണ്. ഏഷ്യയിലെ ആയിരക്കണക്കിന് സംഘടനകളും വ്യക്തികളും ശാസ്ത്രജ്ഞരും ലക്ഷക്കണക്കിന് കർഷകരും നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം (Save Our Rice) എന്ന സന്ദേശമുയർത്തിക്കൊണ്ട് ഒത്തുചേരുകയാണ്. നെൽകൃഷിയിൽ താൽപര്യമുള്ള മറ്റെല്ലാവരും ഉപഭോക്താക്കൾ, മാധ്യമപ്രവർത്തകർ, വിദ്യാർത്ഥികൾ, അധ്യാപകർ.............. നെല്ലിന്റെ നിലനിൽപ്പിന്റെ മാർഗ്ഗങ്ങൾ തേടാനായി ഈ പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.

ഏഷ്യൻ മേഖലയിലെ നെല്ലിന്റെ പാരമ്പര്യവും ഉടമസ്ഥാവകാശവും ഏഷ്യയിലെ കോടിക്കണക്കിന് നെൽ കർഷകരുടെ ജീവിതങ്ങളിലും, ജീവനോപാധികളിലും സംസ്കാരങ്ങളിലും ജീവിത രീതികളിലും ആഴത്തിൽ പങ്കുവക്കപ്പെടുകയും വേരൂന്നുകയും ചെയ്തിരിക്കുന്നു. 2004 – ൽ ആണ് ലോക ഭക്ഷ്യ കൃഷി സംഘടനയും (FAO- Food & Agriculture Organisation), അന്താരാഷ്ട്ര നെല്ലുഗവേഷണ കേന്ദ്രവും (IRRI - International Rice Research Institute), അന്താരാഷ്ട്ര നെൽ വർഷമായി ആഘോഷിച്ചത്. സ്വാഭാവികമായും ലോകം സന്തോഷിക്കേണ്ടതല്ലേ? ലോകത്ത് ഏറ്റവും കൂടുതലാളുകൾ കഴിക്കുന്ന നെല്ലിനെ അംഗീകരിച്ചതായും, ഭക്ഷ്യസുരക്ഷിതത്വത്തിനെ സംബോധന ചെയ്തതായും കരുതേണ്ടതല്ലേ? പക്ഷെ, ഈ അന്താരാഷ്ട്ര നെൽവർഷം ആഘോഷിച്ചത് സ്വിറ്റ്സർലാന്റിൽ വച്ചായിരുന്നു. എന്തായിരുന്നു ഇതിനു പിറകിലുള്ള രാഷ്ട്രീയം? ആലോചിക്കേണ്ടതുണ്ട്. എന്തുകൊണ്ട് ഈ ആഘോഷം ഇന്ത്യയിൽ, ചൈനയിൽ, തായ്ലന്റിൽ–ഏതെങ്കിലും ഏഷ്യൻ രാജ്യത്ത് വച്ച് നടത്തിയില്ല? അവിടെയല്ലേ ഏറ്റവും കൂടുതൽ നെല്ലുൽപാദിപ്പിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നത്?

**എന്തുകൊണ്ട് സ്വിറ്റ്സർലാന്റ്?**

നെല്ല് ഉൽപാദനം തീരെയില്ലാത്ത, ആരും അരി ഭക്ഷിക്കാത്ത സ്വിറ്റ്സർലാന്റ്? സ്വിറ്റ്സർലാന്റ് നെല്ലിന്റെ സ്വദേശമല്ല, പക്ഷെ നെല്ലിന്റെ പുതിയ ഉടമസ്ഥനായ, അധീശനായ സിൻജെന്റയുടെ സ്വദേശമാണ്.

സിൻജെന്റ – ലോകത്തിലെ കൃഷി വ്യവസായ രംഗത്തെ ഏറ്റവും വലിയ അന്താരാഷ്ട്ര കുത്തകകളിലൊന്നാണ്. ലോകത്തെ ഇന്ന് ബാക്കിയായ 30,000 നെല്ലിന്റെ ജീനുകളെക്കുറിച്ച് വിവരശേഖരണം നടത്തി അവയുടെ പേറ്റന്റിനായി അപേക്ഷ നൽകിയിരിക്കുന്നതും ഇതേ സിൻജെന്റ തന്നെ. ജനിതക എഞ്ചിനീയറിങ്ങ് എന്ന് വിളിക്കുന്ന ഈ പുതിയ ശാസ്ത്രം സൃഷ്ടിക്കുന്ന ഉടമസ്ഥന്മാരുടെ പുതിയ വർഗ്ഗങ്ങൾക്ക് നിയമങ്ങളുടെയും അന്താരാഷ്ട്ര ഉടമ്പടികളുടെയും പരിപൂർണ്ണ പിന്തുണയുമുണ്ട്. TRIPS, IPR ............... പ്രധാനപ്പെട്ട എല്ലാ വികസ്വര രാഷ്ട്രങ്ങളിലെയും നയരൂപീകരണത്തിലും പ്രധാനതീരുമാനങ്ങളെടുക്കുന്ന കമ്മിറ്റികളിലും ഈ കമ്പനിയ്ക്ക് സ്ഥാനമുണ്ട്.

ബഹുരാഷ്ട്ര കുത്തകകൾ നെല്ലിന്റെ, നെൽവിത്തുകളുടെ ഉടമകളാവുന്ന ഒരു രീതി ഇങ്ങിനെയാണ്. മറ്റൊരു രീതി നെല്ലിന്റെ രൂപം മാറ്റലാണ്. ഇന്ന് ബാക്കി നിൽക്കുന്ന ലക്ഷക്കണക്കിന് നെൽവിത്തുകളെ അവിഹിതമായി കൈകാര്യം ചെയ്യൽ! അങ്ങനെ ചെയ്താൽ നെല്ല് നെല്ലല്ലാതായിത്തീരും. നെല്ലിനെ ജനിതമാറ്റം വരുത്തി, ചില പ്രത്യേക സ്വഭാവങ്ങൾ ജീനുകളിൽ പതിപ്പിച്ച് അതിനെ മറ്റൊരു ജനിതക കോഡിലേയ്ക്ക് പരിഷ്ക്കരിക്കുക. രൂപമാറ്റം വരുത്തിയ, ഭാവമാറ്റം വരുത്തിയ നെൽവിത്തുകൾ, പിന്നെ അവരുടെ സ്വന്തമാകും. പേറ്റന്റ് ചെയ്യാൻ കഴിയും. ഉടമസ്ഥാവകാശം അവരുടെ കയ്യിലാകും.

നെല്ലിന്റെ മേലുള്ള ഭീഷണി, ഏതൊരു പ്രദേശത്തിന്റെയും ഭക്ഷ്യപരമാധികാരത്തിന്റെ

മേലുള്ള ഭീഷണിയാണ്. ഇതെല്ലാവർക്കുമറിയാം. പക്ഷെ ഇന്ത്യയിലെ ഭൂരിഭാഗം പേരും തിരിച്ചറിയാത്ത ഒന്നുണ്ട്. നെല്ലിന്റെ മേലുള്ള ഏതൊരു ഭീഷണിയും ഇവിടുത്തെ ഈ പ്രദേശത്തിന്റെ പരിസ്ഥിതിയുടെയും മേലുള്ള ഭീഷണിയാണ്. ഇവിടുത്തെ വെള്ളത്തിന്റെ, വായുവിന്റെ, ജൈവ വൈവിദ്ധ്യത്തിന്റെ, സംസ്കാരത്തിന്റെ, മനുഷ്യ സ്വഭാവത്തിന്റെ മേലുള്ള ഭീഷണി. പക്ഷേ നമ്മുടെ ജീവിതമാർഗ്ഗങ്ങളും ജീവിതക്രമങ്ങളും എല്ലാം നശിച്ചാലേ ഈ സത്യം നാം തിരിച്ചറിയുകയുള്ളൂ ഉൾക്കൊള്ളുകയുള്ളൂ എങ്കിൽ .........
..............?

കേരളത്തിലെ നെല്ലുൽപാദനത്തിന്റെ കാര്യം തന്നെയെടുക്കുക. കേരളത്തിലെ നെൽവയലുകളുടെ അവസ്ഥ പരമദയനീയമാണ്. 1971–ൽ 8 ലക്ഷം ഹെക്ടറിലധികമുണ്ടായിരുന്ന നെൽവയലുകൾ 2001 – ഓടെ 2.7 ലക്ഷം ഹെക്ടറിലേയ്ക്ക് ചുരുങ്ങി. നെല്ലിന്റെ പര്യാപ്തത ഞെട്ടിപ്പിക്കുന്ന കണക്കിലാണ് 12% മാത്രം. തമിഴ്നാട്ടിലെ സ്ഥിതി ഇതിലും ഭീകരം. 20 വർഷംകൊണ്ട് 31 ലക്ഷം ഹെക്ടറുണ്ടായിരുന്ന നെൽകൃഷി 24 ലക്ഷം ഹെക്ടറിലേയ്ക്ക് കൂപ്പുകുത്തി. കേരളത്തിൽ ആകെയുണ്ടായിരുന്ന നെൽവയലുകളുടെ വിസ്തൃതിയേക്കാളും വലിയ നാശം!

നമ്മുടെ ഭക്ഷ്യഭൂപടത്തിൽ നിന്ന് ഒരു സംസ്ഥാനം തന്നെ തുടച്ചുമാറ്റപ്പെട്ടാൽ എങ്ങിനെയിരിക്കും? വേറൊരു തരത്തിൽ പറഞ്ഞാൽ 2 കോടിയിലധികം ജനങ്ങൾക്ക് ഭക്ഷണമില്ലാത്ത അവസ്ഥ. എന്ത് ഭക്ഷ്യസ്വയം പര്യാപ്തതയിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്? ഈ വയലെല്ലാം എങ്ങോട്ടുപോയി? എല്ലാ വയലുകളും നികത്തപ്പെട്ടത് ഇന്നത്തെ വികസന ആവശ്യങ്ങൾക്കുവേണ്ടിയാണ്.

തീവ്രമായും വിശാലമായും ഈ വിഷയങ്ങളെ സംബോധനചെയ്യാനാണ് ഈ പ്രചാരണപരിപാടി (Save Our Rice) ശ്രമിക്കുന്നത്. ഈ അവസ്ഥയ്ക്ക് കാരണക്കാർ കൃഷിക്കാർ മാത്രമല്ല. അതുകൊണ്ടുതന്നെ കർഷകരോട് മാത്രമല്ല... നാം സംവദിക്കേണ്ടത്. ഈ സമൂഹത്തിലെ ഉപഭോക്താക്കൾ, അധ്യാപകർ, കുട്ടികൾ, ധാന്യമില്ലുടമകൾ, ധാന്യകച്ചവടക്കാർ, ഭക്ഷ്യസംസ്കരണം ചെയ്യുന്നവർ, രാഷ്ട്രീയ പ്രവർത്തകർ, ഉദ്യോഗസ്ഥ വൃന്ദം, എല്ലാവരും നമ്മളോരോരുത്തരും ഉത്തരവാദികളല്ലേ? രാജ്യത്തെ വികസനപദ്ധതികളിൽ ഭക്ഷ്യസുരക്ഷിതത്ത്വത്തിനല്ലേ മുൻഗണന നൽകേണ്ടത്?

ഒരു വ്യാഴവട്ടക്കാലത്തിലേറെയായി നാം എല്ലാവരും നെല്ല് തിരിച്ചുകൊണ്ടുവരാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ കേരളം, കർണ്ണാടക, ഒറീസ്സ, ചത്തീസ്ഗഢ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ, നെല്ലുമായി ബന്ധപ്പെട്ട ആശങ്കകളും ആകുലതകളും ആഴത്തിൽ പങ്കുവച്ചുകൊണ്ട്, മാറ്റങ്ങൾക്കുവേണ്ടി ശക്തമായി വാദിച്ചുകൊണ്ട് പല സംഘടനകളുടെയും പിൻബലത്തോടുകൂടി പല മേഖലകളിലും ചർച്ചകളും പ്രചാരണപരിപാടികളുമായി നാം മുന്നോട്ടുപോവുകയാണ്.

തമിഴ്നാട്ടിലെ തിരുവാരൂർ ജില്ലയിലെ നെൽക്ലബ്ബുകൾ (നെൽമൻട്രം), വിത്തു ബാങ്കുകൾ, കേരളത്തിലെ വയനാട്ടിലെ പരമ്പരാഗത നെൽവിത്തുകളുടെ പുനരുജ്ജീവനം, കേരളത്തെ സംസ്ഥാന ഗവൺമെന്റ് ജനിതക വിള വിമുക്തമായി പ്രഖ്യാപിച്ചത്, ജനിതക വിളകൾക്കെതിരെയുള്ള പ്രചാരണപരിപാടികൾ പശ്ചിമബംഗാളിലെ പരിസ്ഥിതി സംഘടനകൾ ക്രിയാത്മകമായി മുന്നോട്ടു കൊണ്ടുപോയത്...
ഇവയെല്ലാം നമുക്കെല്ലാവർക്കും പ്രേരകശക്തിയായി നിൽക്കാൻ കഴിഞ്ഞ ചില ഉദാഹരണങ്ങൾ........

'വിത്തും കൈക്കോട്ടും' ഇന്ത്യയിൽ 2004–ൽ ആരംഭിച്ച നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം (Save Our Rice Campaign) എന്ന പ്രചാരണ പരിപാടിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്നു. 2008 മുതൽ പ്രസിദ്ധീകരിച്ചുവരുന്ന PADDY – പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിച്ചു തുടങ്ങുന്നതിന്റെ തുടക്കമാണിത്. കർഷകരിലേക്കും സാധാരണ ജനങ്ങളിലേയ്ക്കും പരിസ്ഥിതി സംഘടനകളിലേയ്ക്കും നെല്ലുമായി ബന്ധപ്പെട്ട വാർത്തകൾ എത്തിക്കുന്നതിനും കൂടുതൽ പ്രാദേശിക വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനും വേണ്ടിയുള്ള സംരംഭത്തിന്റെ ഭാഗമായാണ് 'വിത്തും കൈക്കോട്ടും' പുറത്തിറങ്ങുന്നത്.

കാര്യങ്ങളെ, പ്രശ്നങ്ങളെ അതിന്റെ സമഗ്രതയിൽ കണ്ടുകൊണ്ട് നെല്ലിന്റെ വിവിധ ഭാവങ്ങൾ നമുക്ക് ചർച്ച ചെയ്യാം. 'വിത്തും കൈക്കോട്ടും' കൂടുതൽ കൂടുതൽ കർഷകരിലേയ്ക്കും സാധാരണക്കാരിലേയ്ക്കും വിദ്യാർത്ഥികളിലേയ്ക്കും അധ്യാപകിലേയ്ക്കും എത്തണമെന്നും നെല്ലുമായി ബന്ധപ്പെട്ട കൂടുതൽ ചർച്ചകൾ അടിസ്ഥാനതലത്തിലെ എല്ലാ മേഖലകളിലും തന്നെ നടക്കണമെന്നും ഞങ്ങളാഗ്രഹിക്കുന്നു. പരമോന്നത നിയമനിർമ്മാണ വ്യവസ്ഥകളായ, നിയമനിർമ്മാണ സഭകളിലും ഇന്ത്യൻ പാർലമെന്റിലും ഇതിന്റെ അലയൊലികൾ ചെന്നെത്തണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനുള്ള എളിയ ശ്രമമാണ് 'വിത്തും കൈക്കോട്ടും' എന്ന ഈ വാർത്താ പത്രിക.

## നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം
## നാൾവഴികളും ഭാവിപരിപാടികളും

നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം എന്ന (Save Our Rice Campaign) പ്രചാരണപരിപാടി ആരംഭിക്കുന്നത് കേരളത്തിലെ 'തണൽ' (Thanal) തമിഴ്നാട്ടിലെ 'ക്രിയേറ്റ്' (CREATE), കർണ്ണാടകയിലെ 'സഹജസമൃദ്ധ' (Sahaja Samrudha) എന്നീ സംഘടനകളുടെ കൂട്ടായ പ്രവർത്തനങ്ങളിൽ നിന്നാണ്. കഴിഞ്ഞ 12 വർഷമായി അവർ അത് തുടർന്നുകൊണ്ടിരിക്കുന്നു. ജൈവവൈവിദ്ധ്യത്തിലധിഷ്ഠിതമായ പരിസ്ഥിതി സൗഹാർദ്ദ നെൽകൃഷി, പരമ്പരാഗത നെൽ വിത്തുകളുടെ പുനരുജ്ജീവനം, നെൽവയൽ സംരക്ഷണവുമായി ബന്ധപ്പെട്ട നയ രൂപരേഖ തയ്യാറാക്കൽ, നെൽകൃഷിയുമായി ബന്ധപ്പെട്ട കലകളുടെയും സംസ്ക്കാരങ്ങളുടെയും പുനരുജ്ജീവനം, രാസകീടനാശിനി വിമുക്ത നെൽകൃഷി തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചു പ്രവർത്തിക്കാനായിരുന്നു തീരുമാനം. ഓരോ സംസ്ഥാനത്തിലും തികച്ചും വ്യത്യസ്തമായ രൂപത്തിലായിരുന്നു ഈ പ്രചാരണ പരിപാടിയുടെ ആരംഭം. അതുകൊണ്ടുതന്നെ തികച്ചും വൈവിദ്ധ്യമാർന്ന രീതിയിൽ ഓരോ സംസ്ഥാനത്തിലും ഈ പ്രചരണപരിപാടി മുന്നോട്ടുപോയി. തോൽവികളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടും, നല്ല സംരംഭങ്ങളുടെ ജയങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടും പ്രചാരണ പരിപാടി മുന്നോട്ടുപോയി. പലപ്പോഴും, പ്രചാരണപരിപാടിക്കൊപ്പം അതിന്റെ പ്രചാരകരും ഒരുമിച്ച് വികാസം പ്രാപിക്കുകയാണുണ്ടായത്.

കഴിഞ്ഞ 12 വർഷങ്ങൾ കൊണ്ട് ഒരുപാട് ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാൻ ഈ പ്രചാരണപരിപാടിയ്ക്ക് സാധിച്ചിട്ടുണ്ട്. പ്രചാരണപരിപാടി നടപ്പിലാക്കപ്പെട്ട സംസ്ഥാനങ്ങളിലെ ജനങ്ങൾക്കിടയിലും ഗവൺമെന്റുകൾക്കിടയിലും പരമ്പരാഗത നെൽ വിത്തിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കികൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത നെൽകൃഷി ആയിരക്കണക്കിന് കർഷകരിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞു. വിപുലമായ രീതിയിൽ ഉള്ള വിത്തു സംരക്ഷണം നെൽവയൽ സംരക്ഷണം, ജൈവവൈവിദ്ധ്യത്തിലധിഷ്ഠിതമായ സ്വയംപര്യാപ്തവും സാമ്പത്തിക പരമായി ലാഭവുമുള്ള നെൽകൃഷി എന്നിവയുടെ മാതൃകകൾ, അനുകരിക്കാവുന്ന പകർപ്പുകൾ സൃഷ്ടിക്കാൻ പ്രചാരണപരിപാടിയ്ക്കു കഴിഞ്ഞു.

**നെൽവയൽ സംരക്ഷണം**

കേരളത്തിൽ മറ്റ് നെല്ലിതര കൃഷികൾക്കു വേണ്ടി നെൽവയലുകളുടെ പരിവർത്തനവും, മറ്റ് കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടിയുള്ള നികത്തലും ആയിരുന്നു പ്രധാന പ്രശ്നം. അതുകൊണ്ട് തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണത്തിനായിരുന്നു കേരളത്തിൽ പ്രചാരണപരിപാടി ഊന്നൽ നൽകിയിരുന്നത്. ഗവൺമെന്റ്, പൊതുസമൂഹം, കർഷക സംഘടനകൾ, കൂട്ടായ്മകൾ എന്നിവർ ഒരുമിച്ചു കൂടി തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി ഒട്ടനവധി ചർച്ചകളും വാദപ്രതിവാദങ്ങളും കൂടിയാലോചനകളും സംഘടിപ്പിച്ചു. കേരളത്തിൽ ഉയർന്നുവരുന്ന ജലത്തിന്റെയും ഭക്ഷണത്തിന്റെയും രൂക്ഷമായ പ്രതിസന്ധി, പൊതുസമൂഹത്തിൽ നടന്ന ബോധവൽക്കരണ പരിപാടികൾ, നയതന്ത്രജ്ഞരുടെ സംയോചിതമായ ഇടപെടൽ എല്ലാം കേരളത്തിൽ നെൽവയൽ/തണ്ണീർത്തട സംരക്ഷണനിയമം രൂപം പ്രാപിക്കാൻ കാരണമായി. ഇതിനു ചുക്കാൻ പിടിച്ചത് ഈ പ്രചാരണപരിപാടിയായിരുന്നു.

നെൽവയൽ സംരക്ഷണ നിയമം സംസ്ഥാനത്ത് പ്രഖ്യാപിക്കപ്പെട്ടെങ്കിലും അതിന്റെ നടപ്പാക്കൽ വളരെ പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. ഒരേ സമയം പൊതു സമൂഹത്തിനെ ബോധവത്കരിക്കുകയും നെൽവയൽ നശിപ്പിക്കുന്ന ദുഷ്ടശക്തികൾക്കെതിരെ പോരാടുകയും ചെയ്യണമായിരുന്നു. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങൾക്കിടയിലും മറ്റു വികസന പ്രവർത്തനങ്ങൾക്കായി നെൽവയലുകൾ നിർബാധം നികത്തികൊണ്ടിരിക്കുന്നു.

ഈ പ്രചരണപരിപാടി മുന്നോട്ടുവക്കുന്ന പ്രധാനസന്ദേശങ്ങൾ

1. നെൽകൃഷി നിലനിർത്തുക, നെൽപാടങ്ങൾ സംരക്ഷിക്കുക
2. സുരക്ഷിതമായ ആഹാരം ലഭ്യമാക്കുക
3. നെല്ലിന്റെ വൈവിധ്യം നിലനിർത്തുക
4. പരമ്പരാഗത അറിവുകൾ സംരക്ഷിക്കുക
5. രാസകീടനാശിനികളും ജനിതകമാറ്റം വരുത്തിയ വിത്തുകളും വർജ്ജിക്കുക.

നെൽവിത്തുസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കൊയ്ത്തുത്സവങ്ങൾ, മേളകൾ, യാത്രകൾ, വിത്തുത്സവങ്ങൾ എന്നിവ സംഘടിപ്പിക്കപ്പെടുന്നതുവഴി, പരമ്പരാഗത നെൽ വിത്തിനങ്ങളുടെ പ്രാധാന്യം, പരമ്പരാഗത നെൽകൃഷി സംരക്ഷണം, പ്രചാരണം എന്നിവയ്ക്കായുള്ള വളരെ വ്യാപകമായുള്ള ബോധവത്ക്കരണ പരിപാടികൾ നടത്താൻ കഴിയുന്നു. ഉപഭോക്താക്കളിൽ, പരമ്പരാഗത നെൽ വിത്തിനങ്ങളോടുള്ള പ്രിയം കൂടിവരുന്നുണ്ട്. ഇതുമൂലം പലസംഘടനകളും അഭ്യസ്തവിദ്യരായ യുവജനങ്ങളും കലാസാംസ്ക്കാരിക രംഗത്ത് പ്രശസ്തരായ പലരും കേരളസംസ്ഥാനത്തിന്റെ നഷ്ടപ്പെട്ട നെല്ലിന്റെ പരിസ്ഥിതിയിൽ അധിഷ്ഠിതമായ ഭക്ഷ്യസംസ്ക്കാരത്തിന്റെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. ജൈവ കൃഷി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്.

**കർണ്ണാടകയിലെ വിത്ത് വൈവിദ്ധ്യബ്ലോക്കുകൾ**

കർണ്ണാടകയിലാകട്ടെ ഈ പ്രചാരണപരിപാടിയുടെ സഹകാരികളായ സഹജസമൃദ്ധ വിത്തുസംരക്ഷണവുമായി ബന്ധപ്പെട്ട് ഒരുപാട് കാലത്തെ പ്രവൃത്തി പരിചയമുള്ള സംഘടനയാണ്. സ്വാഭാവികമായും അവർ, കൂടുതലും നെൽവിത്തുസംരക്ഷണപ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. സഹജസമൃദ്ധ അവതരിപ്പിച്ച ഏറ്റവും പ്രധാന ആശയം വിത്ത് വൈവിദ്ധ്യബ്ലോക്കുകൾ (Seed Diversity Blocks) ആയിരുന്നു. നിരവധി കർഷകരും ഒട്ടനവധി കൂട്ടായ്മകളും ഈ ആശയം സഹജസമൃദ്ധയ്ക്കൊപ്പം പ്രാവർത്തികമാക്കി. ഒരുപാട് പരമ്പരാഗത നെൽ വിത്തിനങ്ങൾ ചെറിയ ചെറിയ ബ്ലോക്കുകളിലായി തിരിച്ച് വേറെ വേറെ കൃഷി ചെയ്തു. ഒരു ചെറിയ സ്ഥലത്തുതന്നെ വിവിധയിനം വിത്തുകൾ സംരക്ഷിക്കാൻ ഇതുവഴി കഴിഞ്ഞു.

പരമ്പരാഗത നെൽവിത്തിനങ്ങളുടെ പ്രാധാന്യം പ്രചരിപ്പിക്കുന്നതോടൊപ്പം ഏറ്റവും നല്ല വിത്ത് തെരഞ്ഞെടുക്കാനും വിത്ത് വൈവിദ്ധ്യബ്ലോക്കുകൾ സഹായിച്ചു. വിവിധ പരമ്പരാഗത നെൽവിത്തിനങ്ങളുടെ വളർച്ച, വിളവ് എന്നിവ കണ്ടു മനസ്സിലാക്കാനും അവയെക്കുറിച്ച് പഠിക്കാനും കൂടി ഈ മാതൃകാ പ്ലോട്ടുകൾ സഹായിച്ചു. ഒപ്പം പല കർഷകർക്കും പരമ്പരാഗത നെൽവിത്തിനങ്ങൾ കൃഷിചെയ്യാനുള്ള പ്രചോദനവുമായി. വളരെ കുറഞ്ഞ ചെലവിൽ, വളരെ ചെറിയ സ്ഥലത്ത് നൂറുകണക്കിന് പരമ്പരാഗത നെൽവിത്തിനങ്ങൾ ഇവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഈ പ്രവർത്തനങ്ങളുടെ ഫലമായി കർണ്ണാടക ഗവൺമെന്റിന്റെ 'ജൈവഗ്രാമങ്ങൾ' എന്ന പരിപാടിയിലെ വിത്ത് വിതരണശൃംഖലയിലൂടെ, കൃഷിവകുപ്പ് പരമ്പരാഗത നെൽ വിത്തിനങ്ങൾ വിതരണം ചെയ്യാൻ തുടങ്ങി. ഒരുപാട് യുവകർഷകർക്ക് ഈ പ്രചാരണപരിപാടിയിലൂടെ പ്രോത്സാഹനം ലഭിക്കുകയും അവർ വിത്തുസംരക്ഷകരും ജൈവനെൽകൃഷിയിലെ വിദഗ്ദ്ധരും ആയി മാറുകയും ചെയ്തു.

**തമിഴ്നാട്ടിലെ വിത്തുൽസവങ്ങൾ**

തമിഴ്നാട്ടിൽ മറ്റൊരു രൂപത്തിലാണ് ഈ പ്രചാരണപരിപാടി മുന്നോട്ടുപോയത്. അവർ (CREATE), ചില പ്രത്യേക പരമ്പരാഗത

ഈ പ്രചാരണ പരിപാടിയുടെ ഭാഗമായി നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

1. ജൈവവൈവിധ്യത്തിലൂന്നിയ നെൽകൃഷി വ്യാപിപ്പിക്കുന്നു.
2. പരമ്പരാഗത നെൽവിത്തുകളുടെ സംരക്ഷണം ഉറപ്പാക്കുന്നു.
3. വിദ്യാർത്ഥികളിൽ നെൽകൃഷി സംസ്കാരം രൂപപ്പെടുത്തുന്നു.
4 നെൽകൃഷിയിൽ ഉപഭോക്താക്കളെക്കൂടി പങ്കാളികളാക്കുന്നു.
5 ജനിതകമാറ്റം വരുത്തിയ നെല്ലും രാസകീടനാശിനികളും ഉയർത്തുന്ന ഭീഷണിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.
6 അരികൊണ്ടുള്ള പരമ്പരാഗത ഭക്ഷണവൈവിദ്ധ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.
7 നെൽകൃഷിയിലും വിത്തുകളുടെ സംരക്ഷണത്തിലും സ്ത്രീകളുടെ പങ്ക് തിരിച്ചറിയുന്നു.
8 കാലാവസ്ഥ വ്യതിയാനവും നെൽകൃഷിയുമായുള്ള ബന്ധത്തെപ്പറ്റി പഠിപ്പിക്കുന്നു.
9 ജൈവകൃഷി, ജൈവകീടനിയന്ത്രണം, വിത്ത് സംരക്ഷകർ, വിത്ത് നിയമങ്ങളുയർത്തുന്ന പ്രശ്നങ്ങൾ, വിത്തിനങ്ങളുടെ പ്രാധാന്യം, ജനിതക മാറ്റം വരുത്തിയ വിത്തുകൾ എന്നിവയെക്കുറിച്ചുള്ള ലഘുലേഖകളും റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുന്നു.www.indianrice campaign.org എന്ന വെബ്സൈറ്റിലൂടെ വിവരങ്ങൾ ലഭ്യമാക്കുന്നു.
10 നെൽകൃഷിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളുമായി മൂന്നുമാസത്തിലൊരിക്കൽ പാഡി (PADDY) പ്രസിദ്ധീകരിക്കുന്നു.

നെൽവിത്തുകൾ തിരഞ്ഞെടുക്കുകയും താൽപര്യമുള്ള കർഷകർക്ക് ജൈവകൃഷിയിൽ പരിശീലനം നൽകുകയും ചെയ്തു. അതിന്റെ ഫലമായി എല്ലാവർഷവും വിത്തുത്സവങ്ങൾ സംഘടിപ്പിക്കപ്പെട്ടു. തമിഴ്നാട്ടിലെ ജൈവകൃഷിയുടെ ആചാര്യനും ജൈവകൃഷിശാസ്ത്രജ്ഞനുമായ ശ്രീ നമ്മാൾവാർ നിർദ്ദേശിച്ചതനുസരിച്ച് 2007-ൽ ആദ്യത്തെ വിത്തുമേള തിരുവാരൂരിൽ സംഘടിപ്പിക്കപ്പെട്ടു. 9 ഇനം പരമ്പരാഗത നെൽവിത്തിനങ്ങളുമായി വിരലിലെണ്ണാവുന്ന കർഷകർ പങ്കെടുത്ത ആ മേള, ഇന്ന് കാവേരി നദീതടത്തിന്റെ നെൽകലണ്ടറിലെ പ്രധാനപ്പെട്ട സംഭവമാണ്. 2015 മെയിൽ നടന്ന വിത്തുമേളയിൽ 5000-ത്തിലധികം കർഷകരാണ് പങ്കെടുത്തത്. പങ്കെടുത്ത ഓരോ കർഷകനും ലഭ്യമായ 40 പരമ്പരാഗത നെൽ വിത്തിനങ്ങളിൽ നിന്ന് 2 കിലോഗ്രാം വിത്ത് അവരവരുടെ ഗ്രാമങ്ങളിലേയ്ക്ക് കൊണ്ടുപോയി. ഈ വിത്തുകൾ ജൈവരീതിയിൽ കൃഷി ചെയ്യുമെന്നും അടുത്ത വർഷത്തെ വിത്തുമേളയിൽ 4 കിലോഗ്രാം വിത്ത് തിരിച്ചേൽപിക്കുമെന്നും അവർ പ്രതിജ്ഞ ചെയ്തു. ഉറപ്പു നൽകിയപ്രകാരം 60%-ത്തിലധികം കർഷകർ വിത്തുകൾ തിരിച്ചെത്തിക്കുന്നുണ്ട്. പല കർഷകരും അവരുടെ അയൽക്കാർക്കും കൂട്ടുകാർക്കും ബന്ധുക്കൾക്കും അയൽഗ്രാമത്തിലുള്ളവർക്കും ഈ വിത്തുകൾ പങ്കിടുന്നു. പരമ്പരാഗത നെൽവിത്തിനങ്ങളുടെ ഈ പ്രചാരണത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും വർഷംതോറും ആയിരക്കണക്കിന് കർഷകരിലേയ്ക്ക് ഈ വിത്തുകൾ എത്തുന്നുണ്ടെന്നുള്ളത് സത്യം. മിക്കവാറും വിത്തുകൾ തമിഴ്നാട്ടിൽ പരമ്പരാഗതമായി കൃഷി ചെയ്യപ്പെടുന്നവയാണ്. എങ്കിലും കേരളത്തിൽ നിന്നും കർണ്ണാടകയിൽ നിന്നും ഇന്ത്യയിൽ നെൽകൃഷിയുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന പരമ്പരാഗത നെൽ വിത്തിനങ്ങൾ വിതരണം ചെയ്യപ്പെടുന്നുണ്ട്. മെയിൽ നടക്കുന്ന വിത്തുത്സവത്തിൽ വിതരണം ചെയ്യുന്നതിനായി വർഷം മുഴുവൻ വിത്തുകളുണ്ടാക്കുന്ന തിരക്കിലാണ് വിവിധ സംസ്ഥാനങ്ങളിലെ 'നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം' എന്ന പ്രചാരണ പരിപാടി കൂട്ടായ്മ. 'നെൽതിരുവിഴ' എന്നറിയപ്പെടുന്ന ഈ പരിപാടി (നെൽവിത്തുത്സവം എന്നർത്ഥം)യ്ക്കൊപ്പം തമിഴ്നാടിന്റെ പലഭാഗങ്ങളിലും മറ്റ് ചില കൂട്ടായ്മകളും ഇത്തരം മേളകൾ സംഘടിപ്പിക്കുന്നുണ്ട്. തിരുവാരൂർ നെൽതിരുവിഴ ആയിരക്കണക്കിന് കർഷകരെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ടെന്ന തിരിച്ചറിവാണ് ഈ പരിപാടികൾക്ക് പ്രചോദനമായത്. നെൽ വിത്തുകൾക്കൊപ്പം ഇപ്പോൾ പല പരമ്പരാഗത പച്ചക്കറി വിത്തുകളും ഈ മേളകളിൽ പങ്കുവയ്ക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. വിത്തുകൾ കർഷകരെ എങ്ങിനെയാണ് ഒരുമിച്ച് കൊണ്ടുവരുന്നതെന്ന് പഠിക്കാൻ പറ്റിയ സ്ഥലം ഈ മേളകൾ തന്നെയാണ്. കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാന ഗവൺമെന്റും നെൽ തിരുവിഴയെ അംഗീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരെയും കർഷകരെയും അവർ ഈ മേളകളിൽ പങ്കെടുക്കാനായി ഇപ്പോൾ നിർബന്ധിക്കുന്നുണ്ട്.

### സുന്ദർബൻസിലെ നബോദിഗന്തോ (Nabo digandho)

2010 ലാണ് പശ്ചിമബംഗാളിൽ ഈ പ്രചാരണപരിപാടിയുമായി നമ്മൾ എത്തുന്നത്. കേരളം, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടായിരുന്നു പശ്ചിമബംഗാളിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നത്.

ഈ പ്രചാരണ പരിപാടി നടപ്പിലാക്കി വരുന്ന തെക്കൻ സംസ്ഥാനങ്ങളിൽ കർഷകർക്ക് താരതമ്യേന വലിയ അളവിൽ ഭൂമി കൈവശമുണ്ട്. കേരളം മാത്രമാണ് ഇതിനപവാദം. ഇവിടങ്ങളിലെല്ലാം വിവിധ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ദാരിദ്ര്യവും താരതമ്യേന കുറവാണ്. പക്ഷെ, പശ്ചിമബംഗാളിലെ സുന്ദർബൻസ് മേഖലയിലെ കർഷകരാകട്ടെ വളരെ കുറവ് ഭൂമിമാത്രം കൈവശമുള്ളവരാണ്. കൂടുതൽ പേർക്കും 1 – 2 ബാഘ (1 Bagha- 33 സെന്റ്) ഭൂമി മാത്രമാണുള്ളത്. ഇത്രയും ചെറിയ ഭൂമിയിൽ നിന്നും നെൽകർഷകർ സ്വയം പര്യാപ്തവും എന്നും നിലനിൽക്കുന്നതുമായ ഒരു വരുമാനം ഉണ്ടാക്കുവാനാണ് ആഗ്രഹിക്കുന്നത്. ഈ പ്രചാരണ പരിപാടിയെ സംബന്ധിച്ചിടത്തോളം ഇതായിരുന്നു ഏറ്റവും വലിയ വെല്ലുവിളി. കർഷകരെല്ലാം പരമദരിദ്രരും കുറഞ്ഞവരുമാനമുള്ളവരുമായിരുന്നു. നൂതനങ്ങളായ ചില ആശയങ്ങളും, കൃഷിരീതികളിൽ പല പുതുമകളും മുന്നോട്ടുവച്ച ചിലകർഷകർ ഈ പ്രചാരണ പരിപാടിയുമായി ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങി. ഈ കൂട്ടായ്മ പരമ്പരാഗത നെൽവിത്തുകൾ തിരിച്ചുകൊണ്ടുവന്നതിനോടൊപ്പം കൂട്ടുകൃഷി സമ്പ്രദായവും പ്രചരിപ്പിച്ചു. നെൽവയലുകളിലെ പച്ചക്കറി കൃഷി, കൃഷിയുമായി ബന്ധപ്പെട്ട ജീവികൾ, കുളം, മത്സ്യകൃഷി എന്നിവയെല്ലാം അവർ ഒരുമിച്ചു ചേർത്തു.

ഈ കൃഷി സമ്പ്രദായത്തെ അവർ നബോ ദിഗതോ (Nabo Digandho) എന്നാണ് വിളിക്കുന്നത്. കഴിഞ്ഞ പത്തുവർഷങ്ങൾകൊണ്ട് നൂറുകണക്കിന് കർഷകരാണ് ഈ മാതൃകാ കൃഷി സ്വീകരിച്ചത്. വളരെ കൂടിയ അളവിൽ, തോന്നിയപോലെ, യാതൊരു മുൻകരുതലുകളുമില്ലാതെ, ഉപയോഗിക്കേണ്ട അളവിനെക്കുറിച്ചോ ഗാഢതയെക്കുറിച്ചോ ഒന്നുമറിയാതെ രാസകീടനാശിനികളും വളങ്ങളും ഉപയോഗിച്ചിരുന്ന നെൽവയലുകളിലും കൃഷിഭൂമികളിലും ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ടുള്ള പരിസ്ഥിതി സൗഹാർദ്ദ കൃഷി വ്യാപിക്കാൻ തുടങ്ങി. വിളവിലും വരുമാനത്തിലും ഉണ്ടായ വർദ്ധന, നബോ ദിഗന്തോ കൃഷിരീതി വിജയമാണെന്ന് തെളിയിക്കുന്നു.

**വിത്തിൽ നിന്ന് ഭക്ഷണത്തിലേക്ക്**

ജൈവവും സ്വാഭാവികവുമായ കൃഷിരീതികളുപയോഗിച്ച് പരമ്പരാഗത നെൽവിത്തിനങ്ങൾ കൃഷിചെയ്യാനുള്ള പരിശീലന പരിപാടികളിലൂടെ പ്രവർത്തനം ആരംഭിച്ച നമ്മളിന്ന് ഒരുപാട് പാഠങ്ങളും തിരിച്ചറിവുകളും സ്വായത്തമാക്കികഴിഞ്ഞു. വളരെ പ്രധാനപ്പെട്ട ആദ്യത്തെ തിരിച്ചറിവ് കർഷകർ വിത്തുകളാൽ സ്വാധീനിക്കപ്പെടുന്നു അല്ലെങ്കിൽ പ്രചോദിതരാവുന്നു എന്നുള്ളതാണ്. മാതാപിതാക്കളും മുത്തശ്ശനും മുത്തശ്ശിയും ഉപയോഗിച്ച നെൽ വിത്തിനങ്ങൾ, അവരുണ്ടാക്കിത്തന്ന പ്രിയപ്പെട്ട ഭക്ഷണം എന്നിവയെക്കുറിച്ചുള്ള ഓർമ്മകൾ തിരിച്ചെത്തുകയാണ്. പരമ്പരാഗത നെൽവിത്തുകളാൽ നിർമ്മിച്ച പായസവും അവലും ഭാട്ടും, എല്ലാം ഈ നെൽ വിത്തുകൾ പ്രചരിപ്പിക്കുകവഴി തിരിച്ചുവരികയാണ്.

ഈ ആശയം സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനങ്ങളിലേയ്ക്ക് കർഷകരിൽനിന്ന് കർഷകരിലേയ്ക്ക്, പതുക്കെയാണെങ്കിലും സുസ്ഥിരമായ രീതിയിൽ പ്രചരിക്കുകയാണ് ചില കർഷകർ ഇപ്പോഴും പരമ്പരാഗത നെൽ വിത്തിനങ്ങൾക്ക് പുറം തിരിഞ്ഞു നിൽക്കുകയാണ്. കാലം കുറെയായി ശീലിച്ചുവന്ന ആധുനിക കൃഷിരീതികളിൽ നിന്ന് മാറാനുള്ള വൈമനസ്യം, സാമ്പത്തികപ്രശ്നങ്ങൾ, സ്ഥലപരിമിതി, നല്ല വിളവുകിട്ടുമോ എന്ന ഭയം എന്നിവ കാരണം കുറച്ചുകർഷകർ വ്യസനത്തോടെ മാറിനിൽക്കുന്നു. എങ്കിലും, വിത്തുകളുടെ പുനരുജ്ജീവനം എന്ന ആശയം മിക്ക കർഷകരും ഇഷ്ടപ്പെടുന്നുണ്ട്. കൂടുതൽ പ്രതീക്ഷകളൊന്നുമില്ലാതെ, പരമ്പരാഗത നെൽവിത്തിനങ്ങൾ കൃഷി ചെയ്തു തുടങ്ങിയ പലകർഷകരും പ്രതികൂലസാഹചര്യങ്ങളിൽ പിടിച്ചുനിൽക്കാനുള്ള അവയുടെ കഴിവ് കണ്ട് അന്തംവിട്ടുപോയിട്ടുണ്ട്. കടുത്ത വരൾച്ചയെയും രൂക്ഷമായ വെള്ളപ്പൊക്കത്തെയും വരെ പരമ്പരാഗത നെൽവിത്തിനങ്ങൾ അതിജീവിക്കുന്നതായും ഉയർന്ന ഉൽപാദനശേഷിയുണ്ടെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന സങ്കരയിനം നെൽവിത്തിനങ്ങൾ, ചെറിയ കാലാവസ്ഥ വ്യതിയാനങ്ങളിൽ പോലും പരാജയപ്പെടുന്നതായും കർഷകരുടെ രസകരമായ അനുഭവ കഥകൾ സാക്ഷ്യപ്പെടുത്തുന്നു.

പരമ്പരാഗത വിത്തുകൾ പ്രചരിപ്പിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നിലും സംരക്ഷിക്കുന്നതിലും ഈ പ്രചാരണപരിപാടി ഒരളവുവരെ വിജയിച്ചെങ്കിലും ഈ അവസ്ഥ തുടരണമെങ്കിൽ ഉപഭോക്താക്കൾ പരമ്പരാഗത നെല്ലിനങ്ങളെ സ്വീകരിക്കണം അതിനായി ഉപഭോക്താക്കളിലും ഇത്തരം വിത്തുകളെക്കുറിച്ചുള്ള ഓർമ്മകൾ ഉയർത്തണം. പഴയ മൺമറഞ്ഞുപോയ ശീലങ്ങൾ അവരിലും ഉണ്ടായിവരണം. പ്രസിദ്ധനായ ഒരു പരിസ്ഥിതി പ്രവർത്തകൻ പറഞ്ഞത് ഓർക്കുക- "കാടുകൾ എന്ന ആവാസവ്യവസ്ഥ ഏറ്റവും നന്നായി സംരക്ഷിക്കാനായുള്ള ഏറ്റവും നല്ല മാർഗ്ഗം മനുഷ്യൻ അതിനെ തൊടാതിരിക്കുക എന്നതാണ്. അതുപോലെ കൃഷിയുമായി ബന്ധപ്പെട്ട ആവാസവ്യവസ്ഥകൾ സംരക്ഷിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം അവയിലെ വൈവിദ്ധ്യം നമ്മുടെ ഭക്ഷണത്തിന്റെ ഭാഗമാക്കുക എന്നതുമാത്രമാണ്.

നമുക്ക് ഭക്ഷിക്കാനുള്ളത് മാത്രമേ നാം കൃഷിചെയ്യുകയുള്ളൂ വളരെ ശരിയാണ്. കർഷകർ പരമ്പരാഗത നെൽ വിത്തിനങ്ങൾ കൃഷി ചെയ്യാൻ ഇഷ്ടപ്പെടുന്നതുപോലെ, ഉപഭോക്താക്കൾ ഈ നെല്ലിനങ്ങൾ ഇഷ്ടപ്പെടുകയും ഭക്ഷിക്കുകയും ചെയ്തു തുടങ്ങണം. മൺമറഞ്ഞെന്നു കരുതിയ പല പരമ്പരാഗത നെൽവിത്തിനങ്ങളും തിരിച്ചു കൊണ്ടുവരാൻ കഴിഞ്ഞപ്പോൾ തോന്നിയ ആത്മവിശ്വാസം, കർഷകർക്കൊപ്പം ഉപഭോക്താക്കൾക്കിടയിലും പ്രവർത്തിക്കേണ്ടതുണ്ട് എന്ന തിരിച്ചറിവിലേക്കാണ് രൂപം മാറിയത്.

കർണ്ണാടകയിലെ ഈ പ്രചാരണ പരിപാടി വിത്തു സംരക്ഷണത്തിന്റെ കാര്യത്തിൽ ബഹുദൂരം മുന്നിലായിരുന്നു. വിത്തുമേളകൾ സംഘടിപ്പിക്കുന്നതിൽ അവരാണ് ഏറെ മുന്നേറിയത്. ആദ്യം ബാംഗ്ളൂരിലും പിന്നിട് മറ്റ് നഗരങ്ങളിലും സംഘടിപ്പിക്കപ്പെട്ട മേളകൾ പരമ്പരാഗത നെൽ ഇനങ്ങളുടെ ഉണക്കലരിയും (Raw Rice), പുഴുക്കലരിയും (Par-boiled Rice) ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തി മേളകളിൽ പങ്കെടുത്ത കർഷകർ ഉപഭോക്താക്കളുമായി നേരിട്ട്

സംവദിച്ചു. പാചകക്കളരികളും രുചിസദസ്സുകളും സംഘടിപ്പിക്കപ്പെട്ടു.

പതുക്കെപ്പതുക്കെ നഗരങ്ങളിലെ നിവാസികൾ പോലും പരമ്പരാഗത നെല്ലിനങ്ങൾ ഭക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു. പലരും ആദ്യമായാണ് ഇവ ക്ഷിക്കുന്നത്. ഈ നിരന്തര ശ്രമങ്ങളുടെ ഫലമായി കൂടുതൽ ഉപഭോക്താക്കൾ പരമ്പരാഗത നെല്ലിനങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാകുകയും അതുവഴി കൂടുതൽ ആവശ്യക്കാരുണ്ടാകുകയും കൂടുതൽ കർഷകർ അവ കൃഷി ചെയ്യാൻ തുടങ്ങുകയും ചെയ്തിരിക്കുന്നു.

അതുപോലെത്തന്നെ, തമിഴ്നാട്ടിലും കേരളത്തിലും സംഘടിപ്പിക്കപ്പെട്ട വിത്തുത്സവങ്ങളിലും ക്ഷ്യമേളകളിലും ഒരുപാട് വിദ്യാർത്ഥികളും സാധാരണക്കാരായ ഉപഭോക്താക്കളും ഹോട്ടൽ വ്യവസായികളും മാധ്യമപ്രവർത്തകരും പങ്കെടുത്തിരുന്നു. പരമ്പരാഗത നെല്ലിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുവാൻ ഈ മേളകൾ അവരെ സഹായിച്ചു.

## ഭാവി പരിപാടികൾ

'നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം' എന്ന പ്രചാരണ പരിപാടി അതിന്റെ 12-ാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. കർഷകരുടെയും ഉപഭോക്താക്കളുടെയും ആവശ്യങ്ങളും വർദ്ധിക്കുകയാണ്. ആദ്യഘട്ടത്തിൽ ഈ പരിപാടിയിൽ പങ്കെടുത്തവരിൽനിന്നും സഹകാരികളിൽ നിന്നും നാം വളരെ ദൂരം മുന്നോട്ടുപോയിരിക്കുന്നു. ഇപ്പോൾ 4 സംസ്ഥാനങ്ങളിലായി 1000 - ത്തോളം വിത്തുകൾ നാം സംരക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. പതിനായിരക്കണക്കിന് കർഷകർ ജൈവരീതിയിൽ 1000 - ത്തോളം പരമ്പരാഗത നെല്ലിനങ്ങൾ കൃഷി ചെയ്തുകൊണ്ടിരിക്കുന്നു. തവിടുകളയാത്ത നെല്ലിനങ്ങൾ കൊണ്ടുണ്ടാക്കിയ അരി, പലഹാരങ്ങൾ, മിഠായികൾ എന്നിവ സ്ഥിരം ആവശ്യപ്പെടുന്ന ഒരു സംഘം ഉപഭോക്താക്കൾ നമ്മുടെ കൂടെയുണ്ട്. സംസ്ഥാന ഗവൺമെന്റുകൾ ഈ പ്രചാരണ പരിപാടിയെ അംഗീകരിക്കുകയും തിരിച്ചറിയുകയും ചെയ്തിരിക്കുന്നു. ആസന്നമായ കാലാവസ്ഥ വ്യതിയാനത്തിന്റെ ഈ കാലത്ത് പരമ്പരാഗത നെൽവിത്തിനങ്ങളുടെ പ്രചാരണത്തിന്റെയും സംരക്ഷണത്തിന്റെയും പ്രാധാന്യം അവർ മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു.

നമുക്കിനിയും ഒരുപാടു ദൂരം മുന്നോട്ടുപോകാനുണ്ട്. ഗുണനിലവാരവും സ്ഥിരതയും ഉപഭോക്താക്കൾക്കായി നിലനിർത്തേണ്ടതുണ്ട്, ഉറപ്പാക്കേണ്ടതുണ്ട്. അതിനായി നമ്മുടെ പരമ്പരാഗത അരി ഒരു സുശക്തമായ ബ്രാന്റ് ആയി അവതരിപ്പിക്കേണ്ടതുണ്ട്. കർഷകരുടെ സ്വയം

**ഒരൊറ്റ നെൽവയലിൽ രണ്ടിനം നെൽവിത്തുകൾ — സൗമിക്**

ഒറീസ്സയിലെ കോരാപുട്ട് (Koraput) ജില്ലയിലെ ഗാദബാ വിഭാഗം (Gadaba Community) തുടർന്നുപോരുന്ന ഒരു പരമ്പരാഗത കൃഷി രീതിയാണ് മൈദ (MYDA). വന്യനെൽജാതികളെ ഇണക്കിയെടുക്കുകയും നവീകരിക്കുകയും അവയെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ പ്രാപ്തമാക്കുകയും ചെയ്യുന്ന ഇന്ത്യയിലെ തന്നെ വിദഗ്ദ്ധരാണ് ബോണ്ട (Bonds), ഗാദബാ (Gadaba), സൗരാസ് (Souras) തുടങ്ങിയ നാടോടി സംസ്ക്കാരമുള്ള ജനവിഭാഗങ്ങൾ. ഏറ്റവും വൈവിദ്ധ്യമുള്ള നെൽകൃഷി ആവാസവ്യവസ്ഥ കാണപ്പെടുന്ന മേഖലകളിലൊന്നാണ് ഇത്.

മൈദ എന്ന പ്രക്രിയയിൽ രണ്ട് വിള നെല്ല് ഒരേ കൃഷിഭൂമിയിൽ ഒരുമിച്ച് കൃഷിചെയ്യുന്നു. മൺസൂൺ സമയത്ത് (ഖാരിഫ് - Kharif) താഴ്ന്ന പ്രദേശങ്ങൾ - ഗെഡ്ഡ (Gedda), ബെഡ്ഡ (Bedda), ഝോല (Jhola)പ്രദേശങ്ങൾ മൺസൂണിന്റെ അവസാനഘട്ടത്തിലും വെള്ളത്തിനടിയിലായിരിക്കും. മാർച്ച് മാസത്തിൽ വിവിധ തട്ടിലുള്ള പ്രദേശങ്ങളിലെ വെള്ളം ഭാഗികമായി വറ്റിത്തുടങ്ങുമ്പോൾ, ഗാദബാ വിഭാഗം നിലമുഴുകയും വിത്തുവിതയ്ക്കുകയും ചെയ്യുന്നു. മുളച്ചുതുടങ്ങിയ രണ്ടിനം നെൽവിത്തുകൾ - ചിപ്റ്റി (Chipti - 90 മുതൽ 100 ദിവസം വരെ മൂപ്പ് ജൂൺ - ജൂലൈയിൽ കൊയ്യാറാകും.)യും കേരാന്റിയും (Kerandi - 280 മുതൽ 300 ദിവസംവരെ മൂപ്പ്. അടുത്ത ജനുവരിയിൽ കൊയ്യാറാകും) ഹെക്ടറിന് 1 ക്വിന്റൽ എന്ന കണക്കിനാണ് ഒരേ നെൽവയലിൽ വിതയ്ക്കുന്നത്

ചിപ്റ്റി നെല്ല് മൂപ്പെത്തുമ്പോൾ ജൂൺ, ജൂലൈയിൽ കൊയ്യുന്നു. ഒപ്പം തന്നെ കേരാന്റി നെല്ലും മുറിച്ചെടുക്കുന്നു. അമിതവളർച്ചയും വെള്ളക്കെട്ടും തടയാനാണിത്. മൺസൂണിൽ ജലനിരപ്പുയരുകയും ഝോലകൾപോലുള്ള താഴ്ന്ന പ്രദേശങ്ങളിൽ പരമാവധി ഉയരത്തിലെത്തുകയും ചെയ്യുന്നു. ജലനിരപ്പുയരുന്നതോടൊപ്പം കേരാന്റി നെൽച്ചെടികൾ പൊക്കം വക്കുന്നു. മുറിഞ്ഞ് വീഴുമെന്ന് തോന്നുന്നെങ്കിൽ, ആവശ്യമാണെങ്കിൽ സെപ്റ്റംബർ ഒക്ടോബർ മാസത്തിൽ ഒരിക്കൽകൂടി തലമുറിച്ചെടുക്കുന്നു. അവസാനം ഡിസംബർ, ജനുവരി മാസങ്ങളിൽ കൊയ്തെടുക്കുന്നു.

ചിപ്റ്റിയുടെ വിളവ് ഹെക്ടറിന് 0.5 മെട്രിക് ടൺ ആണ്. കേരാന്റിയ്ക്കാകട്ടെ, 2 മെട്രിക്ടൺ/ഹെക്ടറും രാസവളങ്ങളോ മറ്റ് രാസവസ്തുക്കളോ ഉപയോഗിക്കാതെ ജൈവരീതിയിൽ കൃഷി ചെയ്യുമ്പോൾ ലഭിക്കുന്ന വിളവാണിത്. ജൂൺ-ജൂലൈ മാസങ്ങളിൽ വിളവെടുക്കുന്ന ചിപ്റ്റി നെല്ലിനം ആണ് മറ്റ് ധാന്യങ്ങളൊന്നും ലഭിക്കാത്ത മൺസൂൺ കാലത്ത് ജനങ്ങൾ ഭക്ഷ്യ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നത്.

വിത്തുകൾ ലഭിക്കാത്തതിനാൽ ഇന്ന് ഈ കൃഷിരീതി മിക്കവാറും നാമാവശേഷമായിക്കഴിഞ്ഞിരിക്കുന്നു. കിഴക്കൻ പ്രദേശങ്ങളിൽ ചില മുക്കിലും മൂലയിലും മാത്രമാണ് ഈ കൃഷിരീതി-മൈദ ഇന്ന് കാണാൻ കഴിയുക.




പര്യാപ്തത, ആരോഗ്യമുള്ള ആവാസവ്യവസ്ഥ നമ്മുടെ ആരോഗ്യം എന്നിവ ഉറപ്പുവരുത്താനായി കൂടുതൽ ഉപഭോക്താക്കളെ, പരമ്പരാഗത അരി ഉപയോഗിക്കാൻ പ്രേരിപ്പിക്കേണ്ടതുണ്ട്.

അതോടൊപ്പം നെൽകൃഷിയെ രാസകീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം ഒഴിവാക്കാൻ കഠിനപ്രയത്നം വേണ്ടിവരും. നെൽകൃഷിയിൽ രാസ കീടനാശിനികളുടെ ആവശ്യമില്ല എന്ന് അന്താരാഷ്ട്ര നെല്ലുഗവേഷണ കേന്ദ്രം (IRRI) പോലും അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. എങ്കിലും ഇപ്പോഴും പല കർഷകരും നെൽകൃഷിയിൽ വളരെ വ്യാപകമായി രാസകീടനാശിനികൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഈ വിഷവസ്തുക്കളെല്ലാം നമ്മുടെ ശരീരത്തിലെ വിവിധവ്യവസ്ഥകളിലും വ്യൂഹങ്ങളിലും അടിഞ്ഞുകൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. 'രാസകീടനാശിനികളില്ലാത്ത നെൽകൃഷി' എന്നത് ഒരു മാതൃകയായിത്തന്നെ വ്യാപിപ്പിക്കേണ്ടതുണ്ട്.

നെൽകൃഷിയുള്ള രാജ്യങ്ങളിലെല്ലാം തന്നെ കൃഷിഭൂമികൾ കടുത്ത ഭീഷണിയിലാണ്. വ്യവസായങ്ങളും കർഷകരുടെ മനോഭാവവുമാണ് ഭീഷണികൾ. നെൽകൃഷിയിൽ നിന്ന് ലാഭമുണ്ടാക്കാൻ കഴിയില്ലെന്ന് കരുതി അവർ മറ്റ് കൃഷികളിലേയ്ക്ക് മാറിത്തുടങ്ങിയിരിക്കുന്നു. നെൽവയലുകൾ ആവാസവ്യവസ്ഥകൾ മാത്രമല്ല, അവ തണ്ണീർത്തടങ്ങൾ കൂടിയാണ്. വിലമതിക്കാനാവാത്ത ജലസംഭരണികൾ കൂടിയാണവ. യഥേഷ്ടം മഴകിട്ടുന്ന നെൽകൃഷിയുള്ള ഇന്ത്യാൻ സംസ്ഥാനങ്ങളെല്ലാംതന്നെ, ഭയാനകമായ രീതിയിൽ ഭൂഗർഭ ജലനിരപ്പ് താഴുന്ന ഭീഷണിയിലാണ്. ഈ അവസരത്തിൽ, മറ്റ് ആവശ്യങ്ങൾക്കായി നെൽവയലുകൾ നികത്തുന്നതും തണ്ണീർത്തടങ്ങൾ നശിപ്പിക്കുന്നതും നമ്മുടെ ജലസുരക്ഷയെ സംബന്ധിച്ചിടത്തോളം ക്ഷമിക്കാനാവാത്ത കുറ്റകൃത്യങ്ങൾ തന്നെയാണ്. ഗൗരവത്തോടെ ഈ വിഷയത്തെ കാണുകയും പെട്ടെന്ന് നയപരമായ പ്രാധാന്യം അതിന് നൽകുകയും വേണം.

നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം എന്ന പ്രചാരണപരിപാടി കിഴക്കൻ സംസ്ഥാനങ്ങളിലേയ്ക്കും കൂടി വ്യാപിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ പ്രദേശങ്ങൾ നെല്ലിന്റെ കളിത്തൊട്ടിലാണ്. ഈ മേഖലയിലാകട്ടെ, നെല്ലിന്റെ വൈവിദ്ധ്യം അതിദ്രുതം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്നത്തെ നമ്മുടെ പ്രധാന ആവശ്യം, നമ്മുടെ സമ്പന്നമായ നെല്ലിന്റെ പൈതൃകം പരിരക്ഷിക്കുന്നതിനായി, വിത്തുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയെന്നതാണ്. വരും തലമുറയ്ക്കായി ഇത്രയെങ്കിലും ചെയ്യാനാണ് ഈ പ്രചാരണ പരിപാടി നിലനിൽക്കുന്നത്. നെല്ലിന്റെ വൈവിദ്ധ്യവും ജൈവവൈവിദ്ധ്യത്തിൽ അധിഷ്ഠിതമായ കൃഷിയെന്ന ആവാസവ്യവസ്ഥയും വരും തലമുറയുടെയും കൂടി പൈതൃകമാണ്. നാം അത് സംരക്ഷിച്ച് ഒരു കേടും കൂടാതെ അവർക്കായി കൈമാറുകതന്നെ വേണം.

# വാർത്തകൾ

### വിത്തുൽസവങ്ങൾ

നബാഡിന്റെ സാമ്പത്തിക സഹകരണത്തോടെ, തണലിന്റെ നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം എന്ന പ്രചാരണ പരിപാടിയുടെ ഭാഗമായി കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ വിത്തുൽസവങ്ങൾ സംഘടിപ്പിക്കപ്പെട്ടു.

### ആറങ്ങോട്ടുകര വിത്തുത്സവം

ആറങ്ങോട്ടുകര 'പാംശാല'യും നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം എന്ന പ്രചാരണ പരിപാടിയുടെ ഭാഗമായി നബാർഡിന്റെ സഹകരണത്തോടുകൂടി 2016 ജനുവരി 22,23,24 തീയതികളിൽ ആറങ്ങോട്ടുകരയിൽവച്ച് വിത്തുത്സവം സംഘടിപ്പിക്കപ്പെട്ടു. 5000-ലധികം ആളുകൾ പങ്കെടുത്തു. നടനും സാഹിത്യകാരനുമായ ശ്രീ. ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു.

### പയ്യന്നൂർ വിത്തുൽസവം

കണ്ണൂരിൽ പൊതു താൽപ്പര്യ ഗവേഷണ സംഘടനയായ നല്ലഭൂമി( പയ്യന്നൂർ)യുമായി ചേർന്നാണ് 2016 ഫെബ്രുവരി 19,20 തീയതികളിൽ പയ്യന്നൂരിലെ ഗാന്ധിപാർക്കിൽ വച്ച് വിത്തുൽസവം സംഘടിപ്പിക്കപ്പെട്ടത്. 3000 ത്തിലധികം ആളുകൾ പങ്കെടുത്തു. ഒറീസ്സയിൽ നിന്നുള്ള ശാസ്ത്രജ്ഞൻ, വിത്തു സംരക്ഷകൻ എന്നീ നിലകളിൽ പ്രശസ്തനായ ഡോ. ദബൽ ദേബ് വിത്തുൽസവം ഉദ്ഘാടനം ചെയ്തു.

### കുന്ദമംഗലം വിത്തുൽസവം

ജൈവകർഷകരുടെയും പരമ്പരാഗത വൈദ്യൻമാരുടെയും നാടോടി കലാകാരൻമാരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ജൈവവൈവിധ്യസംരക്ഷകരുടെയും കൂട്ടായ്മയായ പൈതൃക(ചാത്തമംഗലം) വുമായി ചേർന്നാണ് കുന്ദമംഗലത്ത് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഫെബ്രുവരി 20,21 തീയതികളിൽ വിത്തുൽസവം സംഘടിപ്പിക്കപ്പെട്ടത്. 1500 ലധികം ആളുകൾ പങ്കെടുത്തു. കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് വിനോദ് പടനിലം ഉദ്ഘാടനം ചെയ്തു.

### വെള്ളാങ്കല്ലൂർ വിത്തുൽസവം

വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്തിന്റെയും സലിം അലി ഫൗണ്ടേഷന്റെയും സഹകരണത്തോടെ മാർച്ച് 12,13 തീയതികളിലായി വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് കമ്മൂണിറ്റി ഹാളിൽ വച്ച് വിത്തുൽസവം സംഘടിപ്പിക്കപ്പെട്ടു. 3000 ആളുകൾ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രസന്ന അനിൽ കുമാർ വിത്തുൽസവം ഉദ്ഘാടനം ചെയ്തു. കർണ്ണാടകയിൽ 850 പരമ്പരാഗത നെൽ വിത്തുകൾ സംരക്ഷിച്ചു പോരുന്ന കർഷകൻ ശ്രീ.സയ്യദ് ഘനി ഖാൻ വിത്തു സംരക്ഷണത്തെക്കുറിച്ച് സംസാരിച്ചു.

മേളകളിൽ സമ്മേളനങ്ങൾ, സെമിനാറുകൾ, ചർച്ചകൾ, സംവാദങ്ങൾ, നെല്ല്, പച്ചക്കറി, കിഴങ്ങ് വിത്തുകളുടെ പ്രദർശനം, വിത്തു കൈമാറ്റം, പാചക കളരികൾ, രുചി സദസ്സുകൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു.

### പരിശീലകർക്കുള്ള പരിശീലന പരിപാടി (Training for Trainers)

നബാർഡുമായി ചേർന്ന് തണലിന്റെ 'നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം' എന്ന പ്രചാരണ പരിപാടിയുടെ ഭാഗമായി പരിശീലകർക്കുള്ള രണ്ട്, പഞ്ച ദിനപരിശീലന പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ജൈവകൃഷിയിൽ നല്ല ഗുണ നിലവാരത്തിലുള്ള പരിശീലനം നൽകി അവരെ മികവുറ്റ പരിശീലകരാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കപ്പെട്ടത്.

തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ വച്ച് 2016 ഫെബ്രുവരി 2 മുതൽ 6 വരെയാണ് ആദ്യത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചത്. നബാർഡ് ജനറൽ മാനേജർ ശ്രീ. പി.ബാലചന്ദ്രൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കൊല്ലം കുടുംബശ്രീ ജില്ലാ മിഷൻ, കേരള മഹിളാ സമാഖ്യ സൊസൈറ്റി, ഹരിത ഗ്രാമം, ഗാന്ധി സ്മാരക നിധി, നബാർഡ് ഫാർമേഴ്സ് ക്ളബ് ആലപ്പുഴ, ജൈവകർഷക സമിതി, എന്നിവയെ പ്രതിനിധീകരിച്ച് 30 കർഷകർ പങ്കെടുത്തു.

തൃശ്ശൂരിലെ പരിശീലന പരിപാടി ഫെബ്രുവരി 14 മുതൽ 18 വരെ മൂഴിക്കുളംശാല(മൂഴിക്കുളം) യിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. പാറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ഗ്ളാഡിസ് പാപ്പച്ചൻ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലാ കുടുംബശ്രീ മിഷൻ, നബാർഡ്,ഫാർമേഴ്സ് ക്ളബ് തൃശ്ശൂർ, കേരള മഹിളാ സമാഖ്യ സൊസൈറ്റി, എം.കെ.എസ്സ്.പി.അട്ടപ്പാടി, ജൈവകർഷക സമിതി, വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് എന്നിവയെ പ്രതിനിധീകരിച്ച് 35 കർഷകർ പങ്കെടുത്തു.

ജൈവകൃഷി, മണ്ണ്, വിവിധതരം കമ്പോസ്റ്റിംഗ് രീതികൾ, കൃഷിയിടങ്ങളിലെ ജൈവവൈവിധ്യം, കീടങ്ങളും കീടനിയന്ത്രണവും, പി.ജി.എസ്സ് സർട്ടിഫിക്കേഷൻ, കാർഷിക കർമ്മസേന, ജൈവഉൽപ്പന്നങ്ങ ളുടെ വിപണനം എന്നീ വിഷയങ്ങളിൽ പ്രമുഖർ ക്ളാസ്സുകൾ നൽകി. ജൈവകൃഷിയെയും ജൈവകൃഷി രീതികളെയും പരിചയപ്പെടുത്താനായി ജൈവകർ ഷകരുമായി സംവാദങ്ങൾ നടത്തുകയും അവരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചെയ്തു. ജൈവവളങ്ങളുടെ നിർമ്മാണം, വിവിധ ഇനം കമ്പേസ്റ്റിംഗ് രീതികൾ, വിത്തു തെരഞ്ഞെടുക്കൽ, വി ത്തൊരുക്കൽ, നടൽ, സീഡ് ബെഡ്ഡ് തയ്യാറാക്കൽ, കീടവിരട്ടികൾ, പഞ്ചഗവ്യം, അമൃതപാനി, ബീജാ മൃതം എന്നിവയുടെ നിർമ്മാണം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി. ജൈവകൃഷി, ജൈവകീട നിയന്ത്രണ രീതികൾ എന്നീ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ, പരിശീലന കിറ്റുകൾ,കമ്പോസ്റ്റ്, കീട വിരട്ടികൾ എന്നിവ വിതരണം ചെയ്തു.

### ഏകദിന ശിൽപ്പശാലകൾ

ജൈവകൃഷി എന്ന വിഷയത്തിൽ രണ്ട് ഏകദിന ശിൽപ്പശാലകൾ സംഘടിപ്പിക്കപ്പെട്ടു. മാർച്ച് 9 ന് കോവളം സീറോ വേസ്റ്റ് സെന്ററിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ശിൽപ്പശാലയിൽ തണലിന്റെ ഓർഗാനിക് ബസാറുമായി ബന്ധപ്പെട്ട 34 കർഷകർ പങ്കെടുത്തു.

മാർച്ച് 10 ന് വെഞ്ഞാറമ്മൂട് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ഹാളിൽ വച്ച് നടത്തിയ ശില്പ ശാലയിൽ മഹിളാ സമാഖ്യയിൽ നിന്നുള്ള 26 കർഷകർ പങ്കെടുത്തു. ശിൽപ്പശാലയിൽ ജൈവവളങ്ങളും, കീടവിരട്ടികളും നിർമ്മിക്കാനുള്ള പരിശീലനം നൽകി. ജൈവകൃഷിരീതികൾ, മണ്ണ്, വിത്തൊരുക്കൽ എന്നീ വിഷയങ്ങളിൽ ക്ളാസ്സുകൾ നൽകി. പുസ്തകങ്ങൾ, പരിശീലന കിറ്റുകൾ, മണ്ണിര കമ്പോസ്റ്റ്, കീടവിരട്ടികൾ എന്നിവ വിതരണം ചെയ്തു.

## കുട്ടികളുടെ സമ്മർക്യാമ്പ്




തണലിന്റെയും സേവ് ഔർ റൈസ് ക്യാമ്പയിന്റെയും ആഭിമുഖ്യ ത്തിൽ 2016 ഏപ്രിൽ 20 മുതൽ 29 വരെ കാലാവസ്ഥാവ്യതിയാനം എന്ന വിഷയ ത്തെ അധികരിച്ച് കുട്ടികൾക്കായുള്ള സമ്മർക്യാമ്പ് തണൽ ആസ്ഥാനത്തു വച്ച് നടത്തുകയുണ്ടായി. പത്തു ദിവസം നീണ്ടു നിന്ന ക്യാമ്പ് പ്രശസ്ത കവി ശ്രീ.മധുസൂദനൻ നായർ ഉദ്ഘാടനം ചെയ്തു. 27 കുട്ടികൾ പങ്കെടുത്തു. കാലാവസ്ഥാ വ്യതിയാനം നമ്മുടെ ചുററുപാടുകളെയും പ്രകൃതിയെയും എങ്ങനെയൊക്കെ ബാധിക്കുന്നുവെന്ന് വിദഗ്ധർ ക്ലാസ്സെടുത്തു. കുട്ടികൾക്ക് പ്രകൃതിയിൽ നിന്നുള്ള വസ്തുക്കൾ ഉപയോഗിച്ച് നിത്യോപയോഗ സാധനങ്ങൾ എങ്ങനെ നിർമ്മിക്കാം എന്നുള്ള പരിശീലന ക്ളാസ്സും നൽകി. തുടർന്ന് കുട്ടികളെ ജൈവകൃഷി ചെയ്യുന്ന രണ്ട് കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കാനും അവിടുന്ന് കടപ്പുറത്തും കൊണ്ടുപോയി. ക്യാമ്പിന്റെ അവസാന മൂന്നു ദിവസം നേച്ചർ ക്യാമ്പിന്റെ ഭാഗമായി കാപ്പുകാട് ആന പുനരധിവാസ കേന്ദ്രത്തിൽ കുട്ടികളുമായി പോയി താമസിച്ചു. അവിടെ വച്ച് വനംവകുപ്പ് ഉദ്യോഗസ്ഥർ കുട്ടികളുമായി സംവദിച്ചു. തുടർന്ന് കാട്ടിലൂടെയുള്ള നടത്തത്തിൽ കാട്ടിലെ പക്ഷികൾ, ചിത്രശലഭങ്ങൾ, മരങ്ങൾ ഇവയുടെ പ്രത്യേകതകളെക്കുറിച്ച് കുട്ടികളോട് വിദഗ്ധർ വിശദീകരിച്ചു.

# അറിയിപ്പുകൾ

## തിരുനെല്ലി വിത്തുൽസവം, 2016 മേയ് 27, 28 കാട്ടിക്കുളം

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും സഹകരണത്തോടുകൂടി തണലും 'നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം' എന്ന പ്രചാരണപരിപാടിയും ഭാരത് ബീജ് സ്വരാജ് മഞ്ചും ഗ്രീൻ ലവേഴ്സ് മാനന്തവടിയും നിലം മാനന്തവാടിയും മറ്റ് വിവിധ കൂട്ടായ്മകളും ചേർന്ന് വയനാട് ജില്ലയിലെ കാട്ടിക്കുളത്തുവെച്ച് വിത്തുൽസവം സംഘടിപ്പിക്കുന്നു. 200-ൽപരം നാടൻ നെൽവിത്തുകൾ, 60-ൽപരം കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറി വിത്തുകൾ എന്നിവയുടെ പ്രദർശനവും വിത്ത് കൈമാറ്റവും വിവിധ സെമിനാറുകളും ചർച്ചകളും കലാസാംസ്കാരിക പരിപാടികളും നാടൻ ഭക്ഷ്യമേളയും വിത്തുൽസവത്തിന്റെ ഭാഗമായി നടക്കുന്നതാണ്. വിത്തുൽസവത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് : ലെനീഷ് കെ : 9544329811, സനീഷ് പി ബി : 9562678572, രാജേഷ് കൃഷ്ണൻ : 07559915032

## നെല്ല് തിരുവിഴാ - ആദിരംഗം വിത്തുൽസവം, തിരുവാരൂർ

ക്രിയേറ്റ്, ആദിരംഗം, 'നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം' എന്ന പ്രചാരണ പരിപാടിയുടെ ഭാഗമായി നബാർഡിന്റെ സഹകരണത്തോടു കൂടി സംഘടിപ്പിക്കുന്ന പത്താമത് വിത്തുൽസവം - 'നെൽതിരുവിഴ' തമിഴ്നാട്ടിലെ തിരുവാരൂർ ജില്ലയിലെ ആദിരംഗത്തു വച്ച് 2016 ജൂൺ 4,5 തീയതികളിൽ നടത്തുന്നു. കലാ-സാംസാകാരിക, കൃഷി, രാഷ്ട്രീയ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്നു.

നാടൻ നെൽവിത്തുകൾ, ചെറുധാന്യങ്ങൾ, പച്ചക്കറി വിത്തുകൾ എന്നിവയുടെ പ്രദർശനവും വിത്ത് കൈമാറ്റവും വിവിധ സെമിനാറുകളും ചർച്ചകളും കലാസാംസ്കാരിക പരിപാടികളും നാടൻ ഭക്ഷ്യമേളയും വിത്തുൽസവത്തിന്റെ ഭാഗമായി നടക്കുന്നതാണ്. ഏവർക്കും സ്വാഗതം.

## ഇന്ത്യയിലെ ജൈവ വിത്തുകളുടെ വിവരങ്ങളടങ്ങിയ പുസ്തകം (രണ്ടുവാല്യം)

ഇന്ത്യയിലെ ജൈവ വിത്തുകളുടെ വിവരങ്ങളടങ്ങിയ പുസ്തകം (രണ്ടുവാല്യം) - ഷാമികമോൺ (Shamika Mone) സമാഹരിച്ചത് OFAI പ്രസിദ്ധീകരിക്കുന്നു.

ഔപചാരികമായ പ്രകാശനം, ചാണ്ഡീഗഢിൽ വച്ച് നടക്കുന്ന OFAI കൺവെൻഷനിൽ ശ്രീമതി മേനകാ ഗാന്ധി നിർവ്വഹിക്കുന്നു. കോപ്പി ഒന്നിന് 150 രൂപ നിരക്കിൽ ഇപ്പോൾ ലഭ്യമാണ്. ഈ വിത്ത് കാറ്റലോഗിന്റെ രണ്ടാം ഭാഗത്തിൽ 200 ഓളം, പേജുകളിൽ വിത്തുകളെക്കുറിച്ചുള്ള വിശദവിവരങ്ങളും അവ സംരക്ഷിക്കുന്ന കർഷകരുടെ പ്രവർത്തനങ്ങളും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. രണ്ടാം ഭാഗത്തിനായി പ്രത്യേകം അപേക്ഷിക്കേണ്ടതാണ്. അതോടൊപ്പം 200 പേജുകൾ ഫോട്ടോകോപ്പി ചെയ്യാനുള്ള ചിലവ് OFAI യിൽ എത്തിക്കേണ്ടതാണ്. ആവശ്യമനുസരിച്ച് പുസ്തകത്തിന്റെ PDF ഉം നൽകുന്നതാണ്. നിങ്ങളുടെ അപേക്ഷകൾ താഴെ പറയുന്ന ഇ-മെയിൽ വിലാസങ്ങളിലേയ്ക്ക് അയയ്ക്കുക. myofai@gmail.com or shamikamone@gmail.com.

### പരാഗണ പഠനകേന്ദ്രം, കൽക്കട്ട സർവ്വകലാശാല
**(Centre for Pollination Studies, Calcutta University)**

നോർവീജിയൻ ജീവശാസ്ത്ര സർവ്വകലാശാലയും പരാഗണപഠനകേന്ദ്രവും സംയുക്തമായി നടത്തുന്ന കാർഷിക ആവാസവ്യവസ്ഥ (Agro ecology) എന്ന വിഷയത്തിലുള്ള ആറുമാസ കോഴ്സിനുള്ള പ്രവേശനത്തിനായുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഈ കോഴ്സിന്റെ പ്രോസ്പെക്റ്റസ് http://cpscu.in/wp-content/upload/2015/06/prospectus% 20final.pdf എന്ന സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. 2016 സെപ്റ്റംബർ 1ന് കോഴ്സ് ആരംഭിക്കുന്നതാണ്. താൽപര്യമുള്ള അപേക്ഷകൾ ബയോഡാറ്റയും കോഴ്സിനുള്ള താൽപര്യം കാണിക്കുന്ന കത്തുമായി ജൂലൈ 15, 2016 നുമുമ്പായി അപേക്ഷിക്കേണ്ടതാണ്.

**വിദ്യാഭ്യാസ പരിപാടികൾക്കോ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കോ വേണ്ടി ഈ വാർത്താ പത്രികയിലെ ലേഖനങ്ങളോ അവയുടെ തർജ്ജമയോ ഉപയോഗിക്കാവുന്നതാണ്.**


**'നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം' എന്ന പ്രചാരണ പരിപാടിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്നത്.**

*സ്വകാര്യ വിതരണത്തിനു മാത്രം*

ബന്ധപ്പെടേണ്ട വിലാസം -'നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം'
തണൽ, ഒ.ഡി-3, ജവഹർ നഗർ , കവടിയാർ.പി.ഒ
തിരുവനന്തപുരം - 695003, കേരള, ഇൻഡ്യ
ടെലിഫോൺ/ഫാക്സ് - 91-471-2727150
ഇ മെയിൽ: indianricecampaign@gmail.com
ടീം - രാജു.എസ്സ്, ഉഷ.എസ്സ്, ശ്രീധർ.ആർ, ശ്രീദേവി.എൽ, ദീപക്.ആർ,
ലേ-ഔട്ട് - ആനന്ദ് ബാലൻ | അച്ചടി - ആർഷാ പ്രിന്റേഴ്സ്, തിരുവനന്തപുരം -10

**Produced by R. Ponnambalam, Managing Trustee, CREATE, Paramakudi, TamilNadu with support from BFTW.**